പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 4777

01.07.2013 - ലെ മറുപടിയ്ക്ക്

## സംസ്ഥാനത്തിന് യു.എന്നിന്റെ പ്രശംസ

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി.ജോർജ്ജ്<br>" എ.പി.അബ്ദുള്ളക്കുട്ടി<br>" സണ്ണി ജോസഫ്<br>" പി.എ.മാധവൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മാനവശേഷി വികസനത്തിലൂടെ വളർച്ചയും പ്രതി ശീർഷ വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ പ്രവർത്തനത്തിന് യു.എൻ.ന്റെ പ്രശംസ നേടിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. വിദ്യാഭ്യാസം ആരോഗ്യം, എന്നീ മേഖലകളിലെ നേട്ടങ്ങളിലൂടെ കൈവരിച്ച വികസനവും മാനവശേഷി വികസനത്തിലൂന്നിയുള്ള മെച്ചപ്പെട്ട വരുമാന വിതരണവും ഉറപ്പാക്കുന്ന ``കേരള മാതൃക'' വികസനത്തിന് യു.എൻ-ന്റെ പ്രശംസ നേടിയിട്ടുണ്ട് UNDP-യ്ക്ക് വേണ്ടി തയ്യാറാക്കിയ ഡോക്കുമെന്റിലാണ് ഇക്കാര്യം പ്രദിപാദിച്ചിട്ടുള്ളത്. |
| (ബി) സംസ്ഥാനത്തിന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് വിലയിരുത്തുന്നതിന് എന്തെല്ലാം പഠനങ്ങളാണ് യു.എൻ. നടത്തിയതെന്ന് അറിയാമോ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശപ്രകാരം യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാം ഫണ്ട് ഉപയോഗിച്ച് യു.എന്നി-നു വേണ്ടി കണ്ണൂർ ജില്ലയിലെ അഴീക്കോട്, വയനാട് ജില്ലയിലെ തിരുനെല്ലി, എറണാകുളം ജില്ലയിലെ ഏലൂർ, കോട്ടയം ജില്ലയിലെ ഉഴവൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ മാനവ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പഠനം നടത്തുകയും വിവരങ്ങൾ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (സി) ഏതെല്ലാം മേഖലകളിലാണ് വിലയിരുത്തൽ നടത്തിയത്; വിശദമാക്കുമോ : | (സി) മാനവശേഷി വികസന മേഖലയിൽ. |

(ഡി) ഈ സർക്കാരിന്റെ കാലത്ത് എത്ര പ്രാവശ്യം സംസ്ഥാനത്തിന് യു.എൻ.ന്റെ പ്രശംസയും അംഗീകാരവും ലഭിക്കുകയുണ്ടായി ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) ഒരു പ്രാവശ്യം. ഇതിന് പുറമെ 2013-ലെ ഐക്യരാഷ്ട്രസഭ ആഗോളതലത്തിൽ പബ്ലിക് സർവ്വീസിനു നല്കുന്ന അവാർഡ് (ഒന്നാം സ്ഥാനം) കേരള മുഖ്യമന്ത്രിയുടെ "ജനസമ്പർക്ക പരിപാടി"യുടെ പേരിൽ സംസ്ഥാനത്തിന് ലഭിച്ചു. എല്ലാ വർഷവും നല്കുന്ന അവാർഡ് 2003-ലാണ് യു.എൻ ആദ്യമായി ഏർപ്പെടുത്തിയത്. ഐക്യരാഷ്ട്രസഭയുടെ പൊതു സേവനദിനം (ജൂൺ 23) ആചരിക്കുന്നതിന്റെ ഭാഗമായും പൊതുപ്രവർത്തകർ അവരുടെ സ്ഥാപനത്തിന്റെ/സർക്കാരിന്റെ ഉന്നമനത്തിനായി നൽകുന്ന സംഭാവനകളും പൊതു സേവനത്തിന്റെ ഉയർച്ചക്കും പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിനും കൂടാതെ സമൂഹത്തിന് നല്കുന്ന സേവനത്തിന്റെ വിലയും മഹനീയതയും അംഗീകരിക്കുന്നതിന്റെ ഭാഗമായുമാണ് ഈ അവാർഡ് നല്കുന്നത്. ലോകരാജ്യങ്ങളെ അഞ്ച് മേഖലകളാക്കി തിരിച്ചാണ് യു.എൻ അവാർഡ് നല്കുന്നത്. ഇൻഡ്യ ഉൾപ്പെടുന്ന ഏഷ്യ-പസഫിക് മേഖലയിൽ നിന്നാണ് മുഖ്യമന്ത്രിയുടെ "ജനസമ്പർക്ക പരിപാടി" ഒന്നാം സ്ഥാനം നേടിയത്.പസഫിക്കിൽ ഓസ്ട്രേലിയ, ന്യൂസിലൻഡ്. തുടങ്ങിയ പ്രമുഖ രാജ്യങ്ങളെയും ഏഷ്യയിൽ ചൈന ജപ്പാൻ, സിംഗപ്പൂർ, മലേഷ്യ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളെയും പിന്തള്ളിയാണ് കേരളം അഭിമാനകരമായ നേട്ടം കൈവരിച്ചത്. ത്രിതല പരിശോധനയ്ക്കും വിലയിരുത്തലിനും ശേഷമാണ് അവാർഡ് പ്രഖ്യാപിക്കുന്നത്. ജനുവരിയിൽ തുടങ്ങി മെയ് മാസത്തിൽ അവസാനിക്കുന്ന നിര്‍ണ്ണയ പ്രക്രിയയിലൂടെയാണ് വിജയിയെ കണ്ടെത്തുന്നത്. ഷോർട്ട് ലിസ്റ്റ് പരിശോധിക്കുന്നത് United Nations Committee of Experts in Public Administration -ന്റെ ഏഴംഗ സബ് കമ്മറ്റി ആണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധരാണ് ഇവർ. നിർദ്ദിഷ്ട നിലവാരം പുലർത്തുന്നില്ലെങ്കിൽ അവാർഡുകൾ പ്രഖ്യാപിക്കാറില്ല.

സെക്ഷൻ ഓഫീസർ